## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3070** — **20.6.2014-ൽ മറുപടിക്ക്**

### എസ്.ജെ.എസ്.ആർ.വൈ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി) | |
| എ) | സ്വർണ്ണ ജയന്തി ഷഹാരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ. വൈ) സംസ്ഥാനത്തെ നഗരസഭകളിൽ നടപ്പാക്കുന്നുണ്ടോ; എങ്കിൽ എത്ര നഗരസഭകളിൽ നടപ്പാക്കുന്നുണ്ട് ; | എ) | ഉണ്ട്. 65 നഗരസഭകളിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| ബി) | പദ്ധതി എന്താണ് ലക്ഷ്യമിടുന്നത്; ഈ പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം എപ്രകാരമാണ് ; | ബി) | നഗരപ്രദേശങ്ങളിലെ തൊഴിൽരഹിതരായവർക്ക് സ്വയംതൊഴിൽ ഉദ്യമങ്ങളിലൂടെയോ വേതനം ലഭിക്കുന്ന തൊഴിൽ പദ്ധതികളിലൂടെയോ ആദായകരമായ തൊഴിൽ സൗകര്യങ്ങൾ നേടിക്കൊടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം 75:25 എന്ന അനുപാതത്തിലാണ്. |
| സി) | എന്നാണ് പദ്ധതി ആരംഭിച്ചത് ; ഓരോ വർഷവും എത്ര രൂപയാണ് കേന്ദ്ര സഹായമായി ലഭിച്ചത് ; അതിൽ എത്ര രൂപ ഓരോ വർഷവും ചെലവഴിച്ചു ; | സി) | 1.12.1997ലാണ് പദ്ധതി ആരംഭിച്ചത്. ഓരോ വർഷവും കേന്ദ്രസഹായമായി ലഭിച്ച തുക അനുബന്ധമായി ചേർക്കുന്നു. 2012-13 വരെ ലഭിച്ച തുക മുഴുവൻ വിനിയോഗിച്ചിട്ടുണ്ട്. |
| ഡി) | ഈ പദ്ധതികളുടെ നോഡൽ ഏജൻസി ആരാണ്;<br>ഓരോ വർഷവും എത്ര ഗുണഭോക്താക്കളെ വീതം പദ്ധതിയിൽ ഉൾപ്പെടുത്താനാണ് ലക്ഷ്യമിട്ടിരുന്നത്; എത്ര പേർക്ക് ഈ പദ്ധതി യുടെ ഗുണം ലഭിച്ചുവെന്ന് അറിയിക്കുമോ? | ഡി) | സംസ്ഥാനത്തെ ഈ പദ്ധതിയുടെ നോഡൽ ഏജൻസി കുടുംബശ്രീയാണ്. ഓരോ വർഷവും ലഭിക്കുന്ന തുകയ്ക്ക് ആനുപാതികമായി ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കുവാനാണ് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. 80459 ദരിദ്രകുടുംബങ്ങൾക്ക് സ്വയംതൊഴിൽ ലഭ്യമാക്കുന്നതിനും, 61160 പേർക്ക് തൊഴിൽവൈദഗ്ദ്ധ്യ പരിശീലനം നൽകുന്നതിനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| വർഷം | കേന്ദ്രസഹായം (ലക്ഷത്തിൽ) |
| --- | --- |
| 1997–98 | 202.992 |
| 1998–99 | 377.09 |
| 1999–2000 | 448.32 |
| 2000–01 | 256.5 |
| 2001–02 | 266.23 |
| 2002–03 | 301.99 |
| 2003–04 | 610.5 |
| 2004–05 | 554.95 |
| 2005–06 | 681.26 |
| 2006–07 | 639.22 |
| 2007–08 | 629.74 |
| 2008–09 | 1017.91 |
| 2009–10 | 948.13 |
| 2010–11 | 1059.96 |
| 2011–12 | 1970.37 |
| 2012–13 | 2634.58 |
| 2013–14 | 3056 |
| **ആകെ** | **15655.74** |

സെക്ഷൻ ഓഫീസർ